## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4871 14/11/2019 ൽ മറുപടിയ്ക്ക്**

**സ്കൂൾ കലാമേളകളുടെ നടത്തിപ്പ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്കൂൾ കലാമേളകളുടെ നടത്തിപ്പ് രീതിയിൽ ഈ സർക്കാർ വരുത്തിയ പരിഷ്കാരങ്ങൾ വിശദമാക്കാമോ; | (എ) 20.10.2017 ലെ സ.ഉ.(കൈ)നം. 129/2017/പൊ.വി.വ. പ്രകാരമുള്ള പരിഷ്കരിച്ച കലോത്സവ മാന്വലിൽ 6.10.2018 ലെ സ.ഉ.(കൈ)നം. 144/2018/പൊ.വി.വ. പ്രകാരം ഭേദഗതി വരുത്തുകയുണ്ടായി. |
| (ബി) വിവിധ തലങ്ങളിലെ സ്കൂൾ കലാമേളകൾക്ക് നൽകുന്ന സർക്കാർ ഗ്രാന്റ് എത്രയെന്ന് പട്ടികപ്പെടുത്തി വിശദമാക്കാമോ; | (ബി) സബ് ജില്ലാ മത്സരങ്ങൾക്കായി ഈ വർഷം 163 ഉപ ജില്ലാ ഓഫീസർമാർക്ക് 3,13,50,000/- ( മൂന്ന് കോടി പതിമൂന്ന് ലക്ഷത്തി അമ്പതിനായിരം) രൂപയും റവന്യൂ ജില്ലാതല മത്സരങ്ങൾക്കായി 14 വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് 2,66,50,000/- ( രണ്ട് കോടി അറുപത്താറ് ലക്ഷത്തി അമ്പതിനായിരം) രൂപയും സർക്കാർ ഗ്രാന്റായി നൽകിയിട്ടുണ്ട്. |
| (സി) മേളകളുടെ നടത്തിപ്പിന് കുട്ടികൾ വഴി പൊതുജനങ്ങളിൽ നിന്നും ഫണ്ട് സമാഹരിക്കുന്ന രീതി അവസാനിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) മേളകളുടെ നടത്തിപ്പിന് കുട്ടികൾ വഴി പൊതുജനങ്ങളിൽ നിന്നും ഫണ്ട് സമാഹരിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ